# പതിനഞ്ചാം കേരള നിയമസഭ

## പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
## (2023-26)

### 20-ാമത് റിപ്പോർട്ട്

(2024 ഫെബ്രുവരി [illegible]-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

പതിനഞ്ചാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
(2023-26)

.........20-ാമത്.................. റിപ്പോർട്ട്

കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷനെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സമിതി (2019-21)യുടെ 123-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്.

## ഉള്ളടക്കം


പേജ്

സമിതിയുടെ ഘടന ....

ആമുഖം ....

റിപ്പോർട്ട് ....

സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ ....

## പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-26)

### ഘടന

**ചെയർമാൻ :**

ശ്രീ. ഇ. ചന്ദ്രശേഖരൻ

**അംഗങ്ങൾ :**

ശ്രീ. എ. പി. അനിൽകുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. അഹമ്മദ് ദേവർകോവിൽ *

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. പി. മോഹനൻ

ശ്രീ. ഡി. കെ. മുരളി

ശ്രീ. പി. നന്ദകുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. പി. ഉബൈദുള്ള

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ഷാജി സി ബേബി, സെക്രട്ടറി ഇൻ ചാർജ്

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

* ശ്രീ. കെ. ബി. ഗണേഷ് കുമാർ ഗതാഗത വകുപ്പ് മന്ത്രിയായതിനെ തുടർന്നുണ്ടായ ഒഴിവിലേയ്ക്ക് 16.01.2024 മുതൽ

# ആമുഖം

കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷനെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സമിതി (2019-21)യുടെ 123-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക 30.05.2023-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിച്ചു.

സമിതി (2021-23)യുടെ 22.12.2023-ലെ യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

നടപടിപത്രിക പരിഗണിക്കുന്ന വേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്ക് സമിതി നന്ദി അറിയിക്കുന്നു.

ഇ. ചന്ദ്രശേഖരൻ,

ചെയർമാൻ,

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,

ഫെബ്രുവരി.., 2024

# റിപ്പോർട്ട്

കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ള സമിതി (2019-21)യുടെ 123-ാമത് റിപ്പോർട്ട് 2021 ജനുവരി 18-ന് സഭയിൽ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിൽ ആകെ നാലു ശിപാർശകളാണ് ഉൾപ്പെട്ടിരുന്നത് . എല്ലാ ശിപാർശകളിന്മേലും സർക്കാർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടിപത്രിക സമിതി (2021-23)യുടെ 30.05.2023-ൽ ചേർന്ന യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ശിപാർശകളും , ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടിയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

## സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ

| ക്രമ നം. | ഖണ്ഡിക നം. | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ | നടപടി റിപ്പോർട്ട് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 1 | ഗതാഗതം (KSRTC) | സർക്കാർ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം അർഹതയുള്ള തൊഴിലാളികൾക്ക് മാത്രമേ പെർഫോമൻസ് അലവൻസ് നൽകാൻ പാടുള്ളൂവെന്നും, തൊഴിലും പുനരധിവാസവും വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമായി അലവൻസ്/ബോണസ് തുടങ്ങിയവ വിതരണം ചെയ്യുന്നതിന് ഭാവിയിൽ സർക്കാർ സാധൂകരണം നൽകുന്നതല്ലെന്നും മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുമെന്ന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി ഉറപ്പുവരുത്തേണ്ടതാണെന്നുമുള്ള 03.08.2013-ലെ (കൈയ്യെഴുത്ത്) 77/2013 ഗതാഗതം നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ തൊഴിലാ- ളികൾക്ക് പെർഫോമൻസ് അലവൻസ് അനുവദിച്ച് നൽകിയ നടപടി 23.02.2015-ലെ സ .ഉ.(കൈ) നമ്പർ 11/2015/ഗതാഗതം സർക്കാർ ഉത്തരവിലൂടെ സാധൂകരിച്ച് നൽകിയതായി സമിതി മനസിലാക്കുന്നു. | മറ്റ് അഭിപ്രായങ്ങൾ ഇല്ല |

| | | | | |
|---|---|---|---|---|
| 2 | 2 | | സർക്കാരിന്റെ വ്യക്തമായ ഉത്തരവ് നിലനിൽക്കെ, സർക്കാർ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്കും, മാനദണ്ഡങ്ങൾക്കും വിരുദ്ധമായി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലും തൊഴിലാളികൾക്ക് പെർഫോമൻസ് അലവൻസ് അനുവദിച്ചു നൽകിയതായി സമിതി ചൂണ്ടികാണിച്ചു. സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെയും, അലവൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയും കെ.എസ്.ആർ.റ്റി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന അവസരത്തിൽ 2014-15, 2015-16 കാലഘട്ടങ്ങളിലും തൊഴിലാളികൾക്ക് പ്രകടനബത്ത അനുവദിച്ചു നൽകിയ കെ. എസ്.ആർ.റ്റി.സി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ നടപടിയെ സമിതി നിശിതമായി വിമർശിക്കുന്നു. | ബോണസ്സിന് അർഹതയില്ലാത്ത ജീവനക്കാർക്ക് മുൻവർഷത്തെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം എന്ന നിലയിലാണ് ഓണത്തോടനുബന്ധിച്ച് കെ.എസ്.ആർ.റ്റി.സി.യിൽ പ്രകടനബത്ത അനുവദിച്ച് നൽകിയിരുന്നത്. എല്ലാവർഷവും ഓണത്തിന് മുന്നോടിയായി അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളും, മാനേജ്മെന്റും തമ്മിൽ നടത്തുന്ന ചർച്ചയിൽ ഉത്സവബത്തയും, പ്രകടനബത്തയും ചേർത്ത് ബോണസ് തുകയിൽ അധികരിക്കാത്ത വിധത്തിലാണ് വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ പ്രകടനബത്ത അനുവദിച്ച നടപടി സർക്കാർ അനുമതിയ്ക്കായി സമർപ്പിക്കുകയുമാണ് 2013-14 കാലയളവ് വരെ ചെയ്തുവന്നിരുന്നത്. പ്രസ്തുത നടപടി 2014-15, 2015-16 കാലയളവിൽ തുടരുകയും ചെയ്തിട്ടുണ്ട്. സർക്കാർ അംഗീകാരം ലഭിക്കാത്തപക്ഷം വിതരണം ചെയ്ത പ്രകടനബത്ത ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കുമെന്ന വ്യവസ്ഥയിലാണ് 2014-15, 2015-16 കാലയളവിൽ പ്രകടനബത്ത വിതരണം ചെയ്തത്. കെ.എസ്.ആർ.റ്റി.സി.യുടെ നല്ലൊരു ഭാവിയ്ക്കായി ജീവനക്കാരുടെ പരിപൂർണ്ണമായ അർപണബോധത്തോടു കൂടിയുള്ള സേവനം അത്യന്താപേക്ഷിതമാണ്. ജീവനക്കാർക്ക് അർഹതപ്പെട്ട വേതനവും അലവൻസും യഥാസമയം നൽകിയാൽ മാത്രമേ ജീവനക്കാരുടെ പരിപൂർണ്ണമായ അർപ്പണബോധത്തോടു കൂടിയുള്ള സേവനം ലഭ്യമാക്കുന്നതിന് കഴിയുകയുള്ളു. |

| | | | | |
|---|---|---|---|---|
| | | | | സേവനമേഖലയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.റ്റി.സി.-യ്ക്ക് പ്രവർത്തന-ലാഭം കണക്കിലെടുക്കാതെ ജീവന - ക്കാരുടെ അർഹതപ്പെട്ട അലവൻസുകൾ നൽകി അവരുടെ പൂർണ്ണമായ അർപ്പണ ബോധത്തോടു കൂടിയുള്ള സേവനം കൂടി കെ.എസ്.ആർ.റ്റി.സി.-യുടെ മോശമായ അന്തരീക്ഷം മെച്ചപ്പെടുത്തി എടുക്ക-ണമെന്ന ലക്ഷ്യത്തോടുകൂടിയാണ് 2014-15, 2015-16 കാലയളവിൽ പ്രകടനബത്ത അനുവദിച്ച് നൽകി-യിട്ടുള്ളത്. ടി നടപടി സാധൂകരിച്ച് നൽകണമെന്ന് കാണിച്ച് സർക്കാരിന് അപേക്ഷ സമർപ്പിക്കുകയും ആയത് പരിഗണിച്ച് 12.04.2018-ലെ സ .ഉ. (സാധാ) 173/2018/ ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം 2014-15, 2015-16 കാലയളവിൽ പ്രകടനബത്ത അനുവദിച്ച് നൽകിയ നടപടി സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചിട്ടുള്ളതുമാണ്. 2016-17 കാലയളവ് മുതൽ കോർപ്പറേഷനിലെ ജീവനക്കാർക്ക് പ്രകടനബത്ത അനുവദിച്ച് നൽകിയിട്ടില്ലായെന്നുള്ള വിവരംകൂടി അറിയിച്ചു കൊള്ളുന്നു. |
| 3 | 3 | | 2014-15, 2015-16 വർഷങ്ങളിൽ പ്രകടനബത്ത നൽകിയ കെ.എസ്.ആർ.റ്റി.സി.യുടെ നടപടി സാധൂകരിച്ചതിലൂടെ സർക്കാർ ഉത്തരവിലെ നിലവിലുള്ള വ്യവസ്ഥകൾ സർക്കാർ തന്നെ ദുർബലപ്പെടുത്തിയ നടപടിയെയും സമിതി നിശിതമായി വിമർശിക്കുന്നു. | മറ്റ് അഭിപ്രായങ്ങൾ ഇല്ല |
| 4 | 4 | | ജീവനക്കാർക്ക് പ്രകടനബത്തെ അനുവദിച്ച കെ.എസ്.ആർ.റ്റി.സി.യുടെ നടപടി അംഗീകരിച്ച മന്ത്രിസഭാ യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ഓഡിറ്റ് | കെ.എസ്.ആർ.റ്റി.ടി.സി.യിൽ 1995-1996 മുതൽ എല്ലാവർഷവും മുൻ സാമ്പത്തിക വർഷത്തെ പ്രവർത്തന - ങ്ങൾക്ക് പ്രോത്സാഹനം എന്ന നിലയിൽ |

| | | | | |
|---|---|---|---|---|
| | | | പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും നൽകിയിട്ടില്ലെന്നും, 2012-13,2013-14 കാലയളവിൽ കെ.എസ്.ആർ.റ്റി.സി ജീവനക്കാർക്ക് പ്രകടനബത്ത നൽകിയതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ലെന്നും മനസ്സിലാക്കിയ സമിതി 2012-13, 2013-14 കാലയളവിൽ കെ .എസ്.ആർ.റ്റി.സി ജീവനക്കാർക്ക് പ്രകടനബത്ത അനുവദിച്ചതുമായി ബന്ധപ്പെട്ട് വിശദമായ ഒരു റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു. | സ്ഥിരം ജീവനക്കാർക്കും, ഓഫീസർമാർക്കും പ്രകടനബത്ത (performance allowance) അനുവദിച്ച് നൽകിയിരുന്നു. കെ.എസ്.ആർ.ടി.സി യിലെ അംഗീകൃത തൊഴിലാളി സംഘടനകളുമായുള്ള യോഗത്തിൽ തീരുമാനമായതിനാലാണ് 2012-13, 2013-14 കാലയളവിലും മുൻ വർഷത്തിൽ അനുവദിച്ചതുപോലെ 1,750/- രൂപ പ്രകടനബത്ത അനുവദിച്ച് നൽകുന്നതിന് ധാരണയായത്. ടി നടപടി കോർപ്പറേഷന്റെ 374-ാമതും 381-ാമതും ഡയറക്ടർ ബോർഡിൽ ചർച്ച ചെയ്ത് പ്രകടബത്ത അനുവദിച്ചതിന് സർക്കാർ അംഗീകാരം വേണമെന്നും, അംഗീകാരം ലഭിക്കാത്തപക്ഷം ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കുമെന്ന വ്യവസ്ഥയിൽ 1,750/- രൂപ 2012-13, 2013-14 വർഷങ്ങളിൽ പ്രകടനബത്ത അനുവദിച്ച് നല്കിയിട്ടുള്ളതാണ്, ആയതുപ്രകാരം പ്രകടനബത്ത അനുവദിച്ച നൽകിയ നടപടി സാധൂകരണത്തിനായി സർക്കാരിൽ അപേക്ഷ നൽകുകയും ആയത് പരിഗണിച്ച് 23.2.2015 തീയതിയിലെ സ.ഉ. (കൈ) 11/2015/ഗതാഗതം നമ്പർ പ്രകാരം സർക്കാരിൽ നിന്നും സാധൂകരണം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. |

ഇ. ചന്ദ്രശേഖരൻ

ചെയർമാൻ,

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.

തിരുവനന്തപുരം

01.02.2024